# Holy Voice

## Parish Bulletin

# ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 9446628250

പുസ്തകം 4 | ഒക്ടോബർ 2013

**എഡിറ്റർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548


**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

പേജുകളിലൂടെ...

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയശബ്ദം | 5 |
| ദൈവമാതാവ് | 9 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 13 |
| വെളിച്ചമേ നയിച്ചാലും | 15 |
| ക്വിസ് മത്സരം | 16 |
| സഭാവാർത്തകൾ | 21 |
| ജാലകത്തിലൂടെ | 23 |
| ആരാധന | 24 |
| പിന്നിട്ടലോകം | 27 |
| കളറിങ്ങ് മത്സരം | 29 |
| ജപമാല ആചരണം | 30 |
| മതബോധനവാർത്തകൾ | 32 |
| നന്ദിപൂർവ്വം | 35 |
| ബൈബിൾ കലണ്ടർ | 36 |




ഹോളി വോയ്സ്
ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം
പാരിഷ് ബുള്ളറ്റിൻ
ഒക്ടോബർ 2013

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

ഒക്ടോബർമാസം ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും, എളിമയുടെയും സഹനത്തിന്റെയും ഔന്നത്യം തിരിച്ചറിയേണ്ട മാസമാണ്. സ്വന്തം ജീവനും രക്തവും നൽകി നമ്മെ സ്നേഹിച്ച രക്ഷകനിലേക്കുള്ള ചവിട്ടുപടിയാണ് പരിശുദ്ധ അമ്മ. ആ അമ്മയുടെ ദൈവികത്വത്തിലൂന്നി കൊണ്ടാണ് കത്തോലിക്ക വിശ്വാസം പാകപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ചില ക്രിസ്തീയ സമൂഹങ്ങൾ പടർത്തുന്ന പാഷണ്ഡതകൾക്ക് നാമൊരിക്കലും വശംവദരാകരുത്. അമ്മയുടെ ദൈവികതയ്ക്കു പ്രത്യേക പ്രാധാന്യം നൽകി നമ്മെ വിശുദ്ധിയിലേയ്ക്ക് നയിക്കുന്ന കൊന്തമാസമെന്ന ഖ്യാതിയും ഒക്ടോബർ മാസത്തിനുണ്ട്. ഒരു സാധാരണ പെൺകുട്ടിയുടെ ജീവിതത്തിലേക്ക് ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുണ്ടായപ്പോൾ അത് തന്റെ പേരിനും ഭാവിയ്ക്കും കളങ്കമുണ്ടാക്കുമെന്ന ചിന്തകൾക്കപ്പുറം ദൈവ മഹത്വം നടപ്പാക്കേണ്ടതിന്റെ അനുസരണയാണ് അമ്മ പ്രകടിപ്പിച്ചത്. അതുപോലെ തന്നെ തന്റെ ഏകമകൻ കൊടിയ പീഡനങ്ങൾക്കു വിധേയനായപ്പോഴും സർവ്വംസഹയായി നിലകൊള്ളാനും പ. അമ്മയെ സഹായിച്ചത് അമ്മയിലെ ദൈവികതയല്ലാതെ മറ്റെന്താണ്? തന്റെ ജീവിതസാക്ഷ്യത്തിലൂടെ പരിശുദ്ധ അമ്മ നമ്മളിലേക്ക് സന്നിവേശിപ്പിക്കാൻ ശ്രമിക്കുന്നത് ദൈവ സ്നേഹത്തിന്റെയും ദൈവ ഭയത്തിന്റെയും മാതൃകയാണ്. സ്വന്തം ജീവിതത്തെ തന്നെ ദൈവിക ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി ഒരുക്കുന്ന അമ്മ, അനുസരണത്തിന്റെ ഭാവനാതീതമായ നേർക്കാഴ്ചയാണ്. പരിശുദ്ധ അമ്മ എല്ലാവർക്കും എല്ലാറ്റിനും എല്ലാമായിരുന്നു. നമ്മുടെ അനുദിന ജീവിതത്തിൽ പ. അമ്മയുടെ ഇടപെടലുകൾ നാം പലപ്പോഴും തിരിച്ചറിയുന്നില്ല. ഓരോ പ്രഭാതവും അസ്തമയത്തിൽ അവസാനിക്കുമ്പോഴും, രാത്രിയാമങ്ങൾ പൊൻപുലരിയെ വരവേൽക്കുമ്പോഴും അവയെല്ലാം നമുക്ക് പ്രാപ്യമാക്കുന്നത് പരിശുദ്ധ അമ്മയുടെ കാവലാണ്.... സ്നേഹമാണ്... എന്നുള്ള വലിയസത്യം മനസ്സുതുറന്ന് സമ്മതിക്കാൻ തയ്യാറാകുന്നിടത്താണ് നമ്മുടെ ആത്മീയ വിശുദ്ധിയുടെ തുടക്കം.

നമ്മുടെ മാതൃരാജ്യത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച മഹാത്മാവിന്റെ 145-ാം ജയന്തി ഒക്ടോബർ 2-ാം തിയ്യതിയാണല്ലോ. അക്രമവും അനീതിയും അഴിമതിയും താണ്ഡവ നൃത്തമാടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗാന്ധിജിയുടെ ദർശനങ്ങൾ നമുക്ക് വഴികാട്ടേണ്ടതുണ്ട്.

സ്നേഹാദരങ്ങളോടെ, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)



തിരിതെളിയിക്കൽ ശുശ്രൂഷയിൽ നിന്ന്



പുഷ്പകുരിശ് ഏറ്റുവാങ്ങുന്നു




യേശുവിൽ പ്രിയപ്പെട്ടവരെ,

പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേക മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുന്ന ജപമാല മാസമായ ഒക്ടോബർ മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. യേശുവിന്റെ രക്ഷാകര ജീവിതത്തിന്റെ പൂർത്തീകരണം സാധിച്ച കാൽവരിബലിയിലെ രക്ഷയുടെ അടയാളമായ തിരുകുരിശിന്റെ മഹത്വം പ്രഘോഷിച്ച്, കുരിശിന്റെ ചൈതന്യം ഉൾക്കൊണ്ട കുരിശുമുത്തപ്പന്റെ തിരുനാൾ കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ നമുക്ക് ലഭിച്ച കുരിശിന്റെ ചൈതന്യം നഷ്ടപ്പെടുത്താതെയും കളങ്കപ്പെടുത്താതെയും അഭംങ്കുരം കാത്തുസൂക്ഷിക്കുവാനും ജീവിക്കുവാനും നമ്മെ സഹായിക്കുന്നതാകട്ടെ ജപമാല പ്രാർത്ഥനാചരണവും പരിശുദ്ധ അമ്മയോടുള്ള ഭക്തിയും മാദ്ധ്യസ്ഥതയും.

വി. കുർബ്ബാന അർപ്പണം കഴിഞ്ഞാൽ ജപമാല പ്രാർത്ഥനയാണ് കേരളസഭയെ വിശ്വാസത്തിൽ ആഴപ്പെടുത്തി നല്ല കുടുംബങ്ങൾ രൂപപ്പെടുവാൻ സഹായിച്ചിട്ടുള്ളതും കേരളസഭയുടെ വളർച്ച നല്ല നിലയിൽ മുന്നേറുവാൻ ഇടവരുത്തിയതും. കേരളത്തിലെ കത്തോലിക്കാകുടുംബങ്ങളുടെ പ്രത്യേകതയായിരുന്നു (യാണ്) സന്ധ്യാസമയത്ത് കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുക എന്നത്. വി. ഗ്രന്ഥത്തിന്റെ സാരസംഗ്രഹമാണ് ജപമാല രഹസ്യങ്ങൾ. ലോക രക്ഷകനായ യേശുക്രിസ്തുവിന്റെ ജനന-ജീവിത-മരണ-ഉത്ഥാന രഹസ്യങ്ങളാണ് ജപമാലയിലെ ധ്യാനവിഷയങ്ങൾ. പണ്ഡിത-പാമര ഭേദമെന്യേ ഏവർക്കും ഒരുപോലെ പ്രാർത്ഥിക്കുവാൻ സാധിക്കുന്നതാണ് ജപമാല. അക്ഷരാഭ്യാസമില്ലാത്തവർക്കുപോലും വി. ഗ്രന്ഥത്തിന്റെ രക്ഷാകരാനുഭവം, ധ്യാനിക്കുവാനും പഠിക്കുവാനും ഉൾക്കൊള്ളുവാനും സാധിക്കുന്നതാണിത്. അതുകൊണ്ടുതന്നെയാണ് ജപമാലയെ പാവപ്പെട്ടവന്റെ സുവിശേഷം (Gospel of the poor) എന്ന് പറയുന്നത്.

പ്രാർത്ഥനയാണ് നമ്മുടെ കുടുംബങ്ങളുടെ അടിത്തറ. പ്രാർത്ഥിക്കുന്ന കുടുംബമാണ് ഒരുമയിലും സ്നേഹത്തിലും നിലനിൽക്കുന്നത്. The family that prays together, stays together എന്ന് പറയും. (ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയിൽ ജീവിക്കുന്നു.) സുഖദു:ഖ സമ്മിശ്രമായ ജീവിതത്തിൽ ഒരുപക്ഷേ, ത്യാഗമായിരിക്കും കൂടുതൽ അനുഭവപ്പെടുക. ദൈവ

മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതം അതാണ് നമ്മെ പഠിപ്പിക്കുന്നത്. യേശുക്രിസ്തുവിനെ തന്റെ ഉദരത്തിൽ സ്വീകരിച്ച നിമിഷം മുതൽ കാൽവരിവരെ ത്യാഗത്തിന്റെ വിശുദ്ധമായ ചരിത്രമാണ് പ. അമ്മ നമ്മെ പഠിപ്പിക്കുന്നത്. പ്രതിസന്ധികളിൽ തളരാതെ ദൈവഹിതം മനസ്സിലാക്കി പ്രാർത്ഥനയിൽ മുന്നേറുവാൻ പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് പ്രചോദനമാകണം. എത്രയോ കുടുംബങ്ങളാണ് ശിഥിലീകരണത്തിന്റെ വക്കിൽ എത്തിനിൽക്കുന്നത്. മദ്യം എന്ന മഹാവിപത്തിന്റെ കെണിയിലാണ് പല വ്യക്തികളും കുടംബങ്ങളും. അതുവഴി കടബാധ്യതകളിൽ മുങ്ങിത്താഴുന്ന കുടുംബങ്ങൾ, സ്വസ്ഥതയും സമാധാനവും ഇല്ലാതെ കഴിയുന്ന കുടുംബങ്ങൾ, വലിയരോഗങ്ങൾ മൂലം സമാധാനം നഷ്ടപ്പെട്ടവർ, മക്കളുടെ വളർച്ചയിലുള്ള അപജയങ്ങൾ, അവരുടെ പഠനത്തിലുള്ള പോരായ്മകൾ, സഹോദര സ്നേഹത്തിന്റെ അഭാവം, തിന്മയുടെ വഴിയിലൂടെ കടന്നുപോകുന്ന ലോകത്തിന്റെ അവസ്ഥകൾ, വിശ്വാസജീവിതത്തിലെ വ്യതിചലനങ്ങൾ വഴി മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ തളർച്ച................ ഇതെല്ലാം പരിഹരിക്കപ്പെടണമെങ്കിൽ ആഴമേറിയ വിശ്വാസത്തോടെയുള്ള പ്രാർത്ഥനയും പ. അമ്മയുടെ മാദ്ധ്യസ്ഥവും നമുക്കുണ്ടാകണം.

വിശ്വാസത്തിന്റെ നിറവും സർവ്വ നന്മകളുടേയും ഉറവിടവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥത്തിന് നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. വിശ്വാസവർഷത്തിന്റെ സമാപനത്തിലേക്ക് നീങ്ങുന്ന നമുക്ക് കർത്താവായ ദൈവത്തിലുള്ള വിശ്വാസം ജീവിക്കുവാൻ, യേശുവിനോടൊപ്പം സഹിച്ച് വിശ്വാസത്തിന്റെ നിറകുടമായ പ. അമ്മയുടെ മാതൃക നമുക്ക് സ്വീകരിക്കാം. ജപമാല പ്രാർത്ഥനയിലൂടെ ദൈവഹിതം തിരിച്ചറിഞ്ഞ് ക്രിസ്തുവിന്റെ സാക്ഷികളായിത്തീരാം. നമ്മുടെ കുടുംബങ്ങളെ അനുഗ്രഹീത കുടുംബങ്ങളാക്കാം.

കുരിശുമുത്തപ്പന്റെ തിരുനാൾ ആഘോഷിക്കുവാനും അനുഗ്രഹങ്ങൾ സ്വീകരിക്കുവാനും ഭാഗ്യം ലഭിച്ച നമുക്ക് കുരിശുമുത്തപ്പന്റെ സംരക്ഷണയിൽ നന്ദിയോടെ ജീവിക്കുവാൻ തയ്യാറാകാം. ഈ തിരുനാളാഘോഷത്തിന്റെ വിജയത്തിനായി ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ ഇടവകാംഗങ്ങളോടും പ്രത്യേകമായി കൈക്കാരന്മാരോടും വിവിധ കമ്മിറ്റി ഭാരവാഹികളോടും, അംഗങ്ങളോടും ആത്മാർത്ഥമായ നന്ദി പ്രകാശിപ്പിക്കുന്നു, ദൈവാനുഗ്രഹം നേരുന്നു.

കുരിശുമുത്തപ്പന്റെ സംരക്ഷണയിൽ<br>
**ഫാ. ജോസ് മാളിയേക്കൽ**<br>
വികാരിയച്ചൻ



# ദൈവമാതാവ്

റവ. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ
പ്രൊഫസർ, സെന്റ് ജോസഫ്
പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ

ഒക്ടോബറിന്റെ സുകൃതമാണ് ജപമാല. പരിശുദ്ധ മറിയത്തോടൊപ്പം ക്രിസ്തുവിന്റെ മുഖം ധ്യാനിച്ച്, ജപമാലയിലൂടെ ആത്മീയ ശക്തി കണ്ടെത്തുവാൻ കത്തോലിക്കർ പ്രത്യേകമായി ആഗ്രഹിക്കുന്ന മാസമാണ് ഒക്ടോബർ. സഭയുടെ പ്രതീകവും സഭയിലെ അംഗവും വിശ്വാസജീവിതത്തിന് മാതൃകയുമായ മറിയത്തെക്കുറിച്ചുള്ള വിശ്വാസ സത്യങ്ങൾ നാലെണ്ണമാണ്. 1. മറിയത്തിന്റെ ദൈവമാതൃത്വം 2. അമലോൽഭവ 3. നിത്യകന്യക 4.സ്വർഗ്ഗാരോപിത.

മറിയത്തിന്റെ ദൈവമാതൃത്വത്തെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

മാതാവിനെക്കുറിച്ചുള്ള വിശ്വാസ സത്യങ്ങൾ വേദപുസ്തകത്തിൽ പ്രത്യക്ഷമായി പ്രതിപാദിക്കുന്നില്ല എന്ന വാദത്തോടെയാണ് ചില ക്രൈസ്തവ ഗ്രൂപ്പുകൾ മറിയത്തെ നിരാകരിക്കുന്നത്. എന്നാൽ, മാതാവിനെക്കുറിച്ചുള്ള വിശ്വാസ സത്യങ്ങൾ വേദപുസ്തകാധിഷ്ഠിതമാണെന്ന് ആഴത്തിൽ ബൈബിൾ പഠിക്കുന്നവർക്ക് മനസ്സിലാകും.

പുതിയ നിയമം മറിയത്തെ യേശുവിന്റെ അമ്മയായിട്ടാണ് അവതരിപ്പിക്കുന്നത്. (യോഹ: 2:1, 19:25, മത്താ 13:55) എല്ലാവരും ഒരുപോലെ അംഗീകരിക്കുന്ന ഒരു സത്യമാണിത്. യേശുവിന്റെ അമ്മ എങ്ങനെ ദൈവത്തിന്റെ അമ്മയാകും എന്ന ചോദ്യം പലരും ഉന്നയിക്കാറുണ്ട്. ഈ പ്രശ്നത്തിന് ഉത്തരം കണ്ടെത്താൻ വേദപുസ്തകം യേശുവിനെ എങ്ങനെ അവതരിപ്പിക്കുന്നുവെന്ന് മനസ്സിലാക്കണം. യേശു ദൈവപുത്രനാണ് (മർക്കോസ് 1:1,15:39), ദൈവമാണ് (യോഹ 1:1, യോഹ 20:28, ഹെബ്രായർ 1:8, യോഹ 1:18) വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. യേശുവിനെ ദൈവമായി പുതിയ നിയമം ഏറ്റുപറയുന്നുണ്ടെങ്കിൽ തീർച്ചയായും യേശുവിന്റെ അമ്മ ദൈവത്തിന്റെ അമ്മയാണ്. യേശുവിന്റെ ദൈവമാതൃത്വം ഒരു യാഥാർത്ഥ്യമാണ്. "കർത്താവിന്റെ അമ്മ" എന്നാണ് എലിസബത്ത് മറിയത്തെ അഭിസംബോധന ചെയ്യുന്നത്. (ലൂക്ക 1:43) പഴയ നിയമം ദൈവത്തെ, കർത്താവ് എന്നാണ് വിളിച്ചിരുന്നത്. അങ്ങനെയെങ്കിൽ മറിയം ദൈവമാതാവാണ് എന്നതിന് ഇതിനുമപ്പുറം വേദപുസ്തകസാക്ഷ്യം ആവശ്യമില്ല.

പരമ്പരാഗതമായി മറിയത്തെ തെയോതോക്കോസ് (Theotokos) എന്നാണ് വിളിച്ചിരുന്നത്. അതിന്റെ അർത്ഥം, 'ദൈവത്തെ വഹിക്കുന്നവൾ,'

'ദൈവമാതാവ്' എന്നാണ്. എന്നാൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് നെസ്തോറിയസും അനുയായികളും 'ദൈവമാതാവ്' എന്ന പ്രയോഗം ശരിയല്ല, പകരം 'ക്രിസ്തുവിന്റെ അമ്മ' എന്നാണ് വിളിക്കേണ്ടത് എന്നു വാദിച്ചു. മറിയത്തിന്റെ ദൈവമാതൃത്വം എന്നതിനേക്കാളുപരി ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്ന ഒരു നിലപാടായിരുന്നു അത്. ക്രിസ്തു ദൈവമാണ് എന്ന് വിശ്വസിച്ചിരുന്നവർക്ക് മറിയത്തെ ദൈവമായ ക്രിസ്തുവിന്റെ അമ്മയായി വണങ്ങുന്നതിൽ അപാകത തോന്നിയില്ല. അതുകൊണ്ടുതന്നെ നെസ്തോറിയസിന്റെ നിലപാടുകൾ അംഗീകരിക്കുവാൻ സഭയ്ക്ക് സാധിക്കുമായിരുന്നില്ല. A.D. 431ൽ എഫേസൂസിൽ കൂടിയ സൂനഹദോസ്, നെസ്തോറിയസിന്റെ പഠനങ്ങളെ നിരാകരിക്കുകയും മറിയത്തിന്റെ ദൈവമാതൃത്വം ഔദ്യോഗികമായി നിർവ്വചിക്കുകയും ചെയ്തു. എഫേസൂസ് സൂനഹദോസിനെയും അതിന്റെ പഠനങ്ങളെയും കത്തോലിക്കർ മാത്രമല്ല, അകത്തോലിക്ക പൗരസ്ത്യസഭകളും ഇന്നും അംഗീകരിക്കുന്നു. പ്രൊട്ടസ്റ്റന്റ് സഭയുടെ ആവിർഭാവത്തോടെയാണ് മറിയത്തിന്റെ ദൈവമാതൃത്വം നിഷേധിക്കുവാൻ ചിലരെയെങ്കിലും പ്രേരിപ്പിച്ചത്. എന്നാൽ കത്തോലിക്കർ ഏറെ അഭിമാനത്തോടും സ്നേഹത്തോടും കൂടി ദൈവമാതാവായ മറിയത്തെ ആദരിക്കുന്നു.

ദൈവമാതാവായ മറിയത്തോടൊപ്പം ജപമാല ജപിച്ച് യേശുവിന്റെ മുഖം ധ്യാനിക്കുമ്പോൾ യേശുവിന്റെ ദൈവത്വം ഏറ്റുപറയാൻ ഓരോ വിശ്വാസിക്കും സാധിക്കുന്നു. മറിയം ദൈവമാതാവാണ് എന്ന സത്യം രക്ഷയ്ക്ക് ആവശ്യമായ വലിയ സത്യത്തിലേക്കു നയിക്കുന്നു. യേശു ദൈവമാണ്.

# പദപ്രശ്നം വിജയി

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | 3 ഹ | | |
| | | 1 ജ | ഗ | ദ | ൽ | പൂ | ർ | 5 യു | |
| | | ല | | | 4 വി | ഡൊ | മി | നി | ക്ക് |
| | | സ്ഥ | 6 ലൂ | | | | ന്ദ | സെ | |
| | 2 ക | ർ | മ | 8 ലി | ത്ത | | ർ | ഫ് | |
| 7 ഫൂ | ജി | സാ | ൻ | യോ | | | ദു | | |
| | | | ഫി | XIII | | | വ | | |
| | | | ദേ | | | | | | |
| | | | യി | | | | | | |



**ജോൺ യോഹന്നാൻ**
കോമ്പാറക്കാരൻ വീട്
സെന്റ് ആന്റണീസ്
യൂണിറ്റ് I

ശരിയുത്തരം അയച്ച 6 പേരിൽ നിന്നും നറുക്കെടുത്ത്
ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ സമ്മാനർഹനെ പ്രഖ്യാപിച്ചു.



പള്ളി- ദീപാലങ്കാര പ്രഭയിൽ



ബഹുനിലപന്തൽ - ദീപാലങ്കാര പ്രഭയിൽ



തിരുനാൾ പ്രദക്ഷിണം



പ്രദക്ഷിണത്തിന് തിരുസ്വരൂപങ്ങൾ വഹിച്ച രഥം

# വിശുദ്ധരുടെ ജീവിതത്തിലൂടെ

സി. ഡെൽസ മരിയ FCC മാപ്രാണം

## വിശുദ്ധ യൂദാതദേവൂസ് (Oct. 28)

ദൈവമാതാവിന്റെ സഹോദരിയായ മേരിയുടെയും ക്ലെയോഫാസിന്റെയും നാലു മക്കളിൽ ഇളയവനാണ് യൂദാ. ഈശോയുടെ സഹോദരന്മാർ എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. തന്നെത്തന്നെ ഈ ലോകത്തിന് വെളിപ്പെടുത്താത്തത് എന്ത് എന്ന് ഈശോയോട് യൂദാതദേവൂസ് ചോദിക്കുമായിരുന്നു. അതിന് ലോകം യോഗ്യമായിട്ടില്ല എന്നായിരുന്നു ഈശോയുടെ മറുപടി.

ഈശോയുടെ മരണശേഷം സമരിയാ, യൂദയാ, ഇദ്മെയ, സിറിയ, ലിബിയ എന്നീ സ്ഥലങ്ങളിൽ വളരെ തീക്ഷ്ണതയോടെ സുവിശേഷം പ്രസംഗിച്ചിരുന്ന യൂദാ, കൊച്ചു യാക്കോബിന്റെ രക്തസാക്ഷിത്വത്തിനുശേഷം സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നു. തുടർന്ന് പാഷണ്ഡികൾ അധികം വസിക്കുന്ന പേഴ്സയിലേക്ക് പോയി. "മാർഗ്ഗഭ്രംശം വന്ന നക്ഷത്രങ്ങളേ" എന്നാണ് അദ്ദേഹം പാഷണ്ഡികളെ വിളിച്ചിരുന്നത്.

അഹങ്കാരികളും ജഡികമോഹികളും അസൂയക്കാരുമായ പേഴ്സയിലെ ജനങ്ങൾക്കുവേണ്ടി പ്രസംഗിച്ച അദ്ദേഹത്തെ കുരിശിൽ ചേർത്ത്കെട്ടി അസ്ത്രമയച്ചു കൊല്ലുകയാണുണ്ടായത്. ആ സമയത്ത് അദ്ദേഹം വിളിച്ചു പറഞ്ഞു "വത്സലരെ, നിങ്ങളുടെ പരമപരിശുദ്ധമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സുസ്ഥിതരാകുവിൻ" അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായി വിശുദ്ധ യൂദാതദേവൂസിനെ ആധുനിക ലോകം ആദരിക്കുന്നു. ഒക്ടോബർ 28ന് വിശുദ്ധ യൂദാതദേവൂസിന്റെ തിരുനാൾ കൊണ്ടാടുന്നു.

---

## മാർസ്ലീവാ അസ്സോസിയേഷൻ ഫോർ റൂറൽ ഗൈഡൻസ് (മാർഗ്)

മാർഗിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ആർ.സി.സി. യുടെ സഹകരണത്തോടെ 25-08-2013 ഞായറാഴ്ച 10a.m. മുതൽ 1p.m.വരെ ഹോളിക്രോസ് ഹൈസ്ക്കൂൾ ഹാളിൽ സൗജന്യ ക്യാൻസർ പരിശോധനാക്യാമ്പ് നടത്തപ്പെട്ടു. ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ ബെൻസി ഡേവിഡ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. സി.എം. ഡേവിസ് ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. കൗൺസിലർമാരായ എ.ജെ. ആന്റണി, ജെയ്സൻ കൊരുമ്പേരി, കാഞ്ചന കൃഷ്ണൻ, സുമാദേവി, അംബിക പള്ളിപ്പുറത്ത്, വാഹിത ഇസ്മയിൽ, സന്ധ്യ സുനിൽ, മാപ്രാണം പള്ളി ട്രസ്റ്റി ജോസ് ചെങ്ങാലൂക്കാരൻ, മാർഗ് സെക്രട്ടറി ജോസ് കളളാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ആർ.സി.സി യിലെ ഡോ. സി. രാജീവിന്റെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ 110പേർ ക്യാൻസർ പരിശോധനയ്ക്ക് വിധേയരായി.

# നിർമ്മലവും വിശുദ്ധവുമായ ഒരു മനസ്സിനായി...

ദൈവമേ,

സുതാര്യവും നിർമ്മലവുമായ
ഒരു മനസ്സ് എനിക്ക് നൽകണമേ!
അർഹിക്കുന്നവർക്ക് ദാനം നൽകുന്നതിൽ
ആഹ്ലാദം കണ്ടെത്തുന്ന അലിവുള്ള
ഒരു മനസ്സ് എനിക്കു തരണമേ!

ക്ലേശമനുഭവിക്കുന്നവർക്ക് ആശ്വാസം പകരാൻ
കഴിയുന്ന കരുണാമയമായ ഒരു മനസ്സ്
എനിക്കു ദാനം ചെയ്യണമേ!

പകയുടെ ഒരംശംപോലും ഇല്ലാത്ത
ക്ഷമാശക്തിയുള്ള ഒരു മനസ്സ് തന്ന് എന്നെ
അനുഗ്രഹിക്കണമേ!

ദയാപൂർവ്വമുള്ള ഏറ്റവും ചെറിയ
പ്രവർത്തിപോലും വിസ്മരിക്കാൻ കഴിയാത്ത
കൃതജ്ഞതാനിർഭരമായ ഒരു മനസ്സ്
എനിക്കുണ്ടാകണമേ!

കൃതഘ്നതയെ കാലുഷ്യലേശമില്ലാതെയും
വിസ്മൃതിയെ പരിദേവനമില്ലാതെയും കാണാൻ
കഴിയുന്ന ഒരു മനസ്സ് എനിക്ക് സമ്മാനിക്കണമേ!

പ്രതിഫലമേതും പ്രതീക്ഷിക്കാതെ
അന്യരെ സ്നേഹിക്കാൻ കഴിയുന്ന
വിനയം നിറഞ്ഞ ഒരു മനസ്സിന്റെ
ഉടമയാക്കി എന്നെ മാറ്റേണമേ!

**ഒരു വിശ്വാസി**

# വെളിച്ചമേ നയിച്ചാലും



*ഗാന്ധിയൻ ചിന്തകൾ :*

* **അഹങ്കാരം ഉപേക്ഷിക്കുക :** ധർമാനുഷ്ഠാന സമർപ്പണത്തിലാണ് ആനന്ദം അടങ്ങിയിരിക്കുന്നത്. അഹങ്കാരം ഉപേക്ഷിച്ചുകൊണ്ട് ഈശ്വരനുമായി താദാത്മ്യം പ്രാപിച്ചെങ്കിൽ മാത്രമേ മനുഷ്യന് മഹാനാകാൻ കഴിയൂ. സമുദ്രത്തിലെ ഒരു ജലകണത്തിന് സ്വയം ഉപകാരപ്രദമായി ഒന്നും ചെയ്യാനാവില്ല.
* **ജീവിതത്തിന്റെ നിയമം :** ആധുനിക ജനതകളുടെ ശാപമായ സങ്കുചിതത്വവും സ്വാർത്ഥതയും വർജിക്കാതിരിക്കുന്നത് തിന്മയാണ്. ജീവിതത്തിന്റെ നിയമം സ്നേഹമല്ലായിരുന്നെങ്കിൽ ജനമദ്ധ്യത്തിൽ ജീവൻ നിലനിൽക്കുമായിരുന്നില്ല.
* അനന്തമായ ഒരു മഹാസാഗരമാണ് ഈശ്വരനെങ്കിൽ നമ്മൾ ആ സാഗരത്തിലെ വെള്ളത്തുള്ളികളാണ്.
* രോഗങ്ങളെ നേരിടുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ശുചീകരണം കാര്യക്ഷമമാക്കുക എന്നതാണ്. പ്രകൃതിയാണ് ഏറ്റവും മികച്ച വൈദ്യൻ.
* മാതാപിതാക്കൾക്ക് തങ്ങളുടെ മക്കൾക്കെല്ലാവർക്കും തുല്യമായി കൊടുക്കാൻ കഴിയുന്ന യഥാർത്ഥ സമ്പത്ത് അവരുടെ സ്വഭാവവും വിദ്യാഭ്യാസവുമാണ്.
* **രക്ഷിതാക്കളോട് :** നിങ്ങളുടെ കുഞ്ഞുങ്ങളെ നിങ്ങൾക്ക് ധീരരും ഈശ്വരവിശ്വാസമുള്ളവരും ലളിത ജീവിതം നയിക്കുന്നവരുമായ വ്യക്തികളായി വളർത്തിയെടുക്കാം. അല്ലെങ്കിൽ അവരെ ലാളിച്ച് വിദേശീയ ആഢംബരവസ്തുക്കളോടുള്ള ഭ്രമത്തിൽ തളച്ചിട്ടുകൊണ്ട് ജീവിതത്തിന്റെ കൊടുങ്കാറ്റുകളെ അഭിമുഖീകരിക്കാൻ കഴിവില്ലാത്ത ദുർബലരാക്കി തീർക്കാം.
* നമുക്ക് ജോലികളൊന്നും ഏറ്റെടുക്കാതിരിക്കാം. എന്നാൽ ഒരു ചുമതല ഏറ്റെടുത്താൽ അത് ഭംഗിയായി പൂർത്തിയാകുന്നതുവരെ അതിനോടൊപ്പം നിൽക്കണം. ഈയൊരു സന്നദ്ധതയിൽ ദ്രുതഗതിയിൽ പ്രവർത്തിക്കുന്നവരോടൊപ്പം ഈശ്വരനും നിൽക്കുന്നു.
* ചിട്ടയായ ജോലിയുടെ ഫലം ക്രമമായി ആഹാരം കഴിക്കുന്നതിനു തുല്യമാണ്. എന്നാൽ, ഒറ്റയടിയ്ക്ക് ഭക്ഷണം കഴിയ്ക്കുന്നത് ആരോഗ്യത്തെ നശിപ്പിക്കും. അതുപോലെത്തന്നെ അമിതമായ ജോലി ഒരുവന്റെ

# ക്വിസ് മത്സരം

1. 2016ലെ ലോക യുവജനദിനം നടക്കുന്നതെവിടെ വച്ച്?
2. ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായ വർഷവും തിയ്യതിയും?
3. വിശ്വാസമാണ് എല്ലാം. "ഫിദെസ് എസ്ത് തോത്തൂസ്" ആരുടെ വാക്കുകളാണിത്?
4. ചാരിറ്റി സന്യാസസമൂഹ സ്ഥാപകൻ?
5. സഭയിൽ എല്ലാവരും എന്തിനാണ് വിളിക്കപ്പെട്ടിരിക്കുന്നത്?
6. വിൻസെന്റ് ഡി പോൾ സ്ഥാപിച്ച സന്ന്യാസ സമൂഹം?
7. ഇന്ത്യയുടെ 40-ാമത് ചീഫ് ജസ്റ്റിസ്?
8. കടൽ നിരപ്പിനു താഴെ കൃഷി ചെയ്യുന്ന ഇന്ത്യയിലെ ഏകസ്ഥലം?
9. മാപ്രാണം കുരിശ് ജംഗ്ഷനിലുള്ള കപ്പേളയിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് ഏത് വിശുദ്ധന്റെ രൂപമാണ്?
10. സീറോ മലബാർ സഭയുടെ കൂരിയ ബിഷപ്പ്?
11. പരിശുദ്ധ സിംഹാസനം വിവാഹത്തെ സംബന്ധിച്ച് വിഭാവനം ചെയ്യുന്ന മൂന്ന് തരം ഒരുക്കങ്ങൾ ഏവ?

12 മദ്യാസക്തിയെ ഒരു രോഗമായി ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചത് ഏത് വർഷത്തിലാണ്?

---

(റഫറൻസിന് 2013 സെപ്തംബർ ലക്കംകേരളസഭ, ഹോളിവോയ്സ് നോക്കുക.)
ഉത്തരങ്ങൾ ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി 15-10-2013.

---

(ഗാന്ധിയൻ ചിന്തകൾ തുടർച്ച.....) ചൈതന്യം നശിപ്പിക്കും.

* എനിക്കോ നിങ്ങൾക്കോ മറ്റുള്ളവരുടെ കാര്യത്തിൽ തലയിടേണ്ട കാര്യമില്ല. ഓരോരുത്തരേയും അവനവന്റെ കർമ്മം ചെയ്യാൻ അനുവദിക്കുക. ഞാൻ എന്റെ ധർമ്മം ചെയ്താൽ എനിക്ക് മറ്റുള്ളവരേയും സേവിക്കാനാകും.
* **ജനാധിപത്യത്തിലെ യജമാനൻ :** ജനാധിപത്യം സാക്ഷാത്ക്കരിക്കുമ്പോൾ എല്ലാവർക്കും തുല്യ സ്വാതന്ത്ര്യമുണ്ടാകും. ഓരോരുത്തരും അവരവരുടെ യജമാനന്മാരായിരിക്കും.
* **ആത്മവിശ്വാസം :** നിരാശയിലും അചഞ്ചലമായി നിൽക്കുന്നത് എന്താണോ അതാണ് ആത്മവിശ്വാസം. സത്യത്തിലും അഹിംസയിലും എനിക്ക് വിശ്വാസമുണ്ടെങ്കിൽ ദുർഘട ഘട്ടങ്ങളിലും ഞാൻ അതിനൊപ്പംതന്നെ നിൽക്കും.
* **തെറ്റ് ചെയ്യുകയെന്നത് പാപമണ്.** എന്നാൽ ആ തെറ്റിനെ മറച്ചുവയ്ക്കുന്നത് അതിനേക്കാൾ വലിയ പാപമാണ്. ശുദ്ധഹൃദയത്തോടെ തന്റെ തെറ്റ് തുറന്നു സമ്മതിക്കുന്നവൻ പാപത്തെ കഴുകിക്കളയുന്നു. കപടമായ നാണക്കേടുകൊണ്ട് തന്റെ തെറ്റ് മറച്ചുവയ്ക്കുന്നവൻ കൂടുതൽ അഗാധമായ ഗർത്തങ്ങളിലേക്ക് പതിക്കുന്നു.

# സഭാവാർത്തകൾ

**സി. ഡെൽസ മരിയ FCC മാപ്രാണം**

1. സഭ സ്ത്രൈണമാണ്: ഫ്രാൻസിസ് മാർപാപ്പ

സ്ത്രീകളെ കൂടാതെയുള്ള സഭ മറിയത്തെ കൂടാതെയുള്ള അപ്പസ്തോലന്മാരുടെ സംഘം പോലെയാണെന്ന് ഫ്രാൻസിസ് മാർപാപ്പ. സഭയിൽ സ്ത്രീകളുടെ പങ്ക് അമ്മമാരായിരിക്കുക എന്നതു മാത്രമല്ല, പരിശുദ്ധ അമ്മയുടെ പ്രതിരൂപമാവുക എന്നതു കൂടിയാണ്. സഭ സ്ത്രൈണമാണ്, അവൾ മണവാട്ടിയാണ്, അവൾ മാതാവാണ്. അമ്മ മാതൃവാത്സല്യത്തോടെ എന്നും സഭയോടൊപ്പമുണ്ട്. പത്രപ്രവർത്തകരുമായുള്ള കൂടികാഴ്ചയിലാണ് പാപ്പ ഇത് വിശദീകരിച്ചത്.

2. വിശ്വസാഹിത്യകാരൻ ചെസ്റ്റേർട്ടൻ വിശുദ്ധ പദവിയിലേക്ക് :

ലോകം മുഴുവനും അറിയപ്പെടുന്ന എഴുത്തുകാരനും ലേഖകനും പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ ചെസ്റ്റേർട്ടൻ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നു.

3. മോൺ. ഡോ. ജോസ് പുത്തൻവീട്ടിൽ: എറണാകുളം - അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ

എറണാകുളം - അങ്കമാലി അതിരൂപതയുടെ 12-ാമത്തെ മെത്രാനായി എടപ്പള്ളി പുത്തൻവീട്ടിൽ ദേവസി - മേരി മകൻ മോൺ. ഡോ. ജോസ് പുത്തൻവീട്ടിൽ തെരഞ്ഞെടുക്കപ്പെട്ടു. ബിഷപ്പ് മാർ തോമസ് ചക്യത്ത് വിരമിച്ച ഒഴിവിലേക്കാണ് നിയമനം. മെത്രാഭിഷേകം സെപ്തംബർ 21 ഉച്ചകഴിഞ്ഞ് 2.30ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വച്ച് നടന്നു.

4. റവ സി. ദീപ്തി ടോം CSM പ്രഥമ പ്രൊവിൻഷ്യാൾ :

'സ്നേഹം ശുശ്രൂഷിക്കുന്നു.' എന്ന ആപ്തവാക്യവുമായി ഈശോയുടെ കരുണാർദ്ര സ്നേഹത്തിന്റെ ജീവിതശൈലിയിലൂടെ തൃശ്ശൂർ - മണ്ണംപേട്ട ആസ്ഥാനമായി മുന്നേറുന്ന സെന്റ് മർത്ത സന്യാസിനി സമൂഹം നോർത്ത്, സൗത്ത് എന്നീ പ്രോവിൻസുകളായി ഈയിടെ വിഭജിതമായി. ഇരിങ്ങാലക്കുട ഗുഡ്ഷെപ്പേർഡ് കോൺവെന്റ് കേന്ദ്രമാക്കിയുള്ള സൗത്ത് പ്രോവിൻസിന്റെ പ്രഥമ പൊവിൻഷ്യാൾ സുപ്പീരിയറായി റവ. സി. ദീപ്തി ടോം തിരഞ്ഞെടുക്കപ്പെട്ടു.

5. റവ. ഫാ. ജോൺ മേലേപ്പുറം: അവാർഡ് ജേതാവ്

മോൺ. കച്ചിറമറ്റം അവാർഡിന് റവ. ഫാ. ജോൺ തെക്കേക്കര മേലേപ്പുറം അർഹനായി. സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സമ്മേളത്തിൽ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണ് ഫാ. മേലേപ്പുറത്തിന് പുരസ്കാരം നൽകിയത്.

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

ഇത്തവണ സപ്ലൈ ആഫീസുമായി ബന്ധപ്പെട്ട ചില സേവനങ്ങളെയും നടപടിക്രമങ്ങളെയും കുറിച്ചാണ് പ്രതിപാദിക്കുന്നത്. പൊതുവിതരണ സമ്പ്രദായം നിലനിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ അതിന്റെ നടത്തിപ്പുമായി ഏറ്റവും ബന്ധപ്പെട്ടു കിടക്കുന്ന സർക്കാർ സ്ഥാപനമാണ് താലൂക്ക് സപ്ലൈ ആഫീസുകൾ. അതുകൊണ്ടുതന്നെ നമുക്ക് പലപ്പോഴും ഈ ആഫീസുമായി ബന്ധപ്പെടേണ്ടി വരാറുണ്ട്. അവിടത്തെ സേവനങ്ങളെ കുറിച്ച് ബോധ്യം നൽകുന്നതിന് ഈ വിവരണത്തിനാകുമെന്നു കരുതട്ടെ.

**1. സറണ്ടർ സർട്ടിഫിക്കറ്റ് :-** ഇപ്പോഴത്തെ താലൂക്ക് വിട്ട് മറ്റു സ്ഥലത്തേയ്ക്ക് റേഷൻകാർഡ് മാറ്റേണ്ടി വരുമ്പോൾ നിലവിലുള്ള കാർഡ് സഹിതം കാർഡുടമ വെള്ള കടലാസിൽ നിലവിലെ താലൂക്ക് സപ്ലൈ ആഫീസർക്ക് അപേക്ഷ സമർപ്പിച്ചാൽ സറണ്ടർ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. ആയതിന് നിശ്ചിതഫീസ് അവിടെ കൊടുക്കേണ്ടതാണ്.

**2. റിഡക്ഷൻ സർട്ടിഫിക്കറ്റ് :-** റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും അംഗം മറ്റൊരു താലൂക്കിലേയ്ക്കോ സംസ്ഥാനത്തിനു പുറത്തേയ്ക്കോ താമസം മാറിപ്പോയാൽ കാർഡുടമ, കാർഡ് സഹിതം കാരണം സൂചിപ്പിച്ചുകൊണ്ടുള്ള അപേക്ഷ വെള്ളകടലാസിൽ നൽകിയാൽ ആ അംഗത്തെ കുറവു ചെയ്ത സർട്ടിഫിക്കറ്റ് ലഭിക്കും. ആയത് ആ വ്യക്തിയുടെ പുതിയ വാസസ്ഥലത്തെ റേഷൻകാർഡിൽ ഉൾപ്പെടുത്താൻ നൽകേണ്ടിവരുന്നതാണ്. ഇക്കാര്യത്തിനും നിശ്ചിതഫീസ് നൽകേണ്ടതുണ്ട്.

**3. നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ് :-** പഴയ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ പുതിയ റേഷൻകാർഡിൽ പേര് ഉൾപ്പെടാതിരിക്കുകയും ചെയ്തവർക്ക് മറ്റ് താലൂക്കുകളിൽ അപേക്ഷിക്കുന്നതിലേക്കായി ആവശ്യമായ സർട്ടിഫിക്കേറ്റ് അന്വേഷണ വിധേയമായി ലഭിക്കുന്നതാണ്. ഇതിനായി പഴയ റേഷൻകാർഡും പേരുൾപ്പെടാത്ത പുതിയ റേഷൻകാർഡും വെള്ള കടലാസിലുള്ള അപേക്ഷയോടൊപ്പം ഫീസോടുകൂടി ഹാജരാക്കണം.

**4. കാർഡിൽ നിന്നും പേര് റദ്ദ് ചെയ്യൽ:-** ഇക്കാര്യത്തിനായി നിശ്ചിത ഫീസോടുകൂടി മരണ സർട്ടിഫിക്കറ്റ്, മറ്റ് ന്യായമായ കാരണങ്ങൾ ബോധ്യപ്പെടുത്തുന്നതിനുള്ള രേഖകൾ (ഉദാ : വിവാഹമോചനം, മുതലായവ) സഹിതം വെള്ളക്കടലാസിൽ അപേക്ഷ നൽകണം.

**5. വരുമാനം തിരുത്താൻ :-** വില്ലേജാഫീസറുടെ പക്കൽ നിന്ന് ലഭിച്ച വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ കാർഡിനൊപ്പം ഹാജരാക്കി അപേക്ഷ സമർപ്പിക്കുക.

ഗാനം

# ആരാധന

ആത്മാവിലാനന്ദമായ് വന്നൊരീശൻ എന്നിൽ
അല തീർത്ത സ്നേഹത്തിൻ നിർവൃതിയായി നിറഞ്ഞു
ഇതല്ലോ സ്നേഹം ഇതല്ലോ സ്വർഗ്ഗം!
ആർത്താർത്തു പാടാം, പാടി സ്തുതിയ്ക്കാം
അഖിലേശനാഥനെ ആരാധിക്കാം
ആരാധന, ആരാധന.....
ആത്മാവിലാരാധന; സത്യത്തിലാരാധന......
വിനീതചിത്തരായ് ഭയഭക്തി പൂർണ്ണരായ്
വാനവരും സ്വർഗ്ഗവൃന്ദങ്ങളും
മാനവരൊത്തീ ബലിവേദിയിങ്കൽ
അണയുന്നു നാഥനെ വാഴ്ത്തീടുന്നു
മഹത്വത്തിൻ ദേവനെ വാഴ്ത്തീടുന്നു.....
ആരാധന
തിരുമാംസ രക്തങ്ങൾ ഭോജ്യമായ് നൽകി -ദിവ്യ
കാരുണ്യരൂപൻ സ്നേഹാത്മജൻ
ദാഹാർദ്ര ചിത്തനായ് സക്രാരിയിങ്കൽ
കാത്തിടുന്നു പ്രിയ സുതരിവർക്കായ്!- സ്നേഹ-
സാന്ത്വനമായ് സ്വർഗ്ഗജീവനേകാൻ!
ആരാധന....

- പോളി അറയ്ക്കൽ -

---

## ജാലകത്തിലൂടെ... തുടർച്ച

**6. വിലാസം തിരുത്താൻ :-** മേൽവിലാസം, വീട്ടുനമ്പർ, വാർഡുനമ്പർ എന്നിവ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റ്, റേഷൻകാർഡിനും അപേക്ഷക്കുമൊപ്പം ഹാജരാക്കുക.

**7. വൈദ്യുതീകരണം സംബന്ധിച്ച തിരുത്തലുകൾക്ക് :-** വൈദ്യുതി ഭവനിൽ നിന്നോ, പഞ്ചായത്ത്/ മുൻസിപ്പൽ/വില്ലേജ് ആഫീസുകളിൽ ഏതെങ്കിലും ഒന്നിൽ നിന്നോ ലഭിച്ച സർട്ടിഫിക്കറ്റു സഹിതമുള്ള അപേക്ഷ റേഷൻകാർഡിനൊപ്പം സമർപ്പിക്കുക.

മറ്റു സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ നമുക്ക് അടുത്ത ലക്കത്തിൽ തുടരാം.

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- 2012 ലെ മൂർത്തീദേവി പുരസ്കാരം : പ്രമുഖ ഒറിയ കവി വി. ഹരി പ്രസാദ് ദാസിന്റെ ' വംശ' എന്ന കവിതാസമാഹാരത്തിന് ലഭിച്ചു. മഹാ ഭാരതത്തെ ആധുനിക പശ്ചാത്തലത്തിൽ പുനരാവിഷ്കരിക്കുന്നതാണ് കൃതി.
- റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ ഗവർണർ : രഘുറാം രാജൻ
- ഈ വർഷത്തെ'കീർത്തിചക്ര' ബഹുമതി നേടിയത് മലയാളി നാവികൻ അഭിലാഷ് ടോമി. യുദ്ധേതര സേവനത്തിനു രാജ്യം നൽകുന്ന ഏറ്റവും വലിയ രണ്ടാമത്തെ ഈ ബഹുമതി ഒറ്റയ്ക്ക് 'മാദേയി' എന്ന പായ്ക്ക പ്പലിൽ സമുദ്രങ്ങൾ താണ്ടി ലോകം ചുറ്റിവന്ന വ്യക്തി എന്ന നിലയിൽ.
- പുരുഷ വിഭാഗം ലോക നടത്ത ചാമ്പ്യൻഷിപ്പിൽ 50കി.മീ. ൽ സ്വർണ്ണം അയർലണ്ട് താരം റോബർട്ട് ഹെഫർനാൻ നേടി. 18 വർഷത്തിനിടെ അയർലണ്ട് നേടുന്ന ആദ്യ സ്വർണ്ണ മെഡൽ.
- ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 800മീ. വനിതാ വിഭാഗത്തിൽ കെനിയൻ താരം യുനിസ് സും 1 മി. 57.38 സെക്കന്റിൽ സ്വർണ്ണം നേടി
- ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീ. ൽ അസ്ബെൽ കിപ്രോപ് 3 മിനിറ്റ് 36.28 സെക്കന്റിൽ സ്വർണ്ണം നേടി.
- രാജ്യത്തെ ഏറ്റവും വലിയ അർദ്ധ സൈനിക വിഭാഗമായ സി.ആർ.പി. എഫ്. ന്റെ ഡയറക്ടർ ജനറലായി ദിലീപ് ത്രിവേദി ചുമതലയേറ്റു.
- ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ പട്ടികയിൽ റഷ്യ ഒന്നാം സ്ഥാനത്ത്. 7 സ്വർണ്ണം 4 വെള്ളി 6 വെങ്കലം അടക്കം 17 മെഡലുകൾ.
- ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 200 മീ.ൽ ജമൈക്കൻ താരമായ ഉസൈൻ ബോൾട്ട് സ്വർണ്ണം നേടി. സമയം 19.66 സെക്കന്റ്.
- ദേശീയ വനിത ചെസ്സ് കിരീടം ഗ്രാന്റ് മാസ്റ്റർ മേരി ആൻ ഗോമസ് തുടർച്ച യായി 3-ാമതും നിലനിർത്തി.
- കേന്ദ്ര സംസ്കൃത സേവാമൃത അവാർഡ് കാവാലം നാരായണപണി ക്കർക്ക്; നാടക രചനയിലൂടെ സംസ്കൃതഭാഷയ്ക്കു നൽകിയ സംഭാ വന പരിഗണിച്ചാണ് അവാർഡ്.
- കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് എം.ടി. വാസുദേവൻ നായർക്ക്; സാഹിത്യ രംഗത്ത് നൽകിയ സമഗ്ര സംഭാവനയ്ക്കാണ് പുര സ്കാരം.
- സിംബാബെയുടെ പുതിയ പ്രസിഡന്റ്: റോബർട്ട് മുഗാബെ. പ്രസി ഡന്റായി 7-ാം വട്ടമാണ് മുഗാബെ തിരഞ്ഞെടുക്കപ്പെടുന്നത്.
- എ.സി.സി. അണ്ടർ 23 എമർജിങ്ങ് കപ്പ് ഇന്ത്യ നേടി. പാക്കിസ്ഥാനെ 9 വിക്കറ്റിന് തോൽപിച്ചു. ലോകേഷ് യാദവിന് 93 റൺസ്. സന്ദീപ് വാര്യർക്ക് 2 വിക്കറ്റ്.

## കളർ കൊടുക്കൂ... സമ്മാനം നേടൂ!



മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.

ഹോളി വോയ്സ് ബോക്സിൽ **ഒക്ടോബർ 18ന്** മുമ്പ് നിക്ഷേപിക്കുക

പേര് ..................................................................................................

വീട്ടുപേര് ..........................................................................................

മതബോധന ക്ലാസ്സ് ..............................യൂണിറ്റ്..........................................

---

### കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ



**ആൽജി. പി.ജെ.**
പാലമറ്റം വീട്
സെന്റ്മേരീസ് യൂണിറ്റ് - 2
ക്ലാസ്സ് VI.A
**യു.പി.വിഭാഗം**



**ആദിത്യ ഡൊമിനിക്**
ചിറ്റിലപ്പിള്ളി
തൊമ്മാന വീട്
സെന്റ്സേവ്യർ യൂണിറ്റ്
ക്ലാസ്സ് I.A
**എൽ.പി.വിഭാഗം**

# ആഘോഷമായ ജപമാല പ്രാർത്ഥന
# ഒക്ടോബർ 21 മുതൽ 31 വരെ

| തിയ്യതി | ദിവസം | സമയം | നേതൃത്വം |
|---|---|---|---|
| 21-10-2013 | തിങ്കൾ | 5.30 P.M | മാതൃസംഘം, സി.എൽ.സി |
| 22-10-2013 | ചൊവ്വ | 5.30 P.M | സെന്റ്. മേരിസ് യൂണിറ്റ് -1<br>സെന്റ്. മേരിസ് യൂണിറ്റ് -2 |
| 23-10-2013 | ബുധൻ | 5.30 P.M | സെന്റ്. ജോസഫ് യൂണിറ്റ്<br>ഹോളി ക്രോസ് യൂണിറ്റ് |
| 24-10-2013 | വ്യാഴം | 5.30 P.M | സെന്റ്. ഗീവർഗീസ് യൂണിറ്റ്<br>സെന്റ്. സെബാസ്റ്റ്യൻ യൂണിറ്റ് |
| 25-10-2011 | വെള്ളി | 5.30 P.M | സെന്റ്. ജോർജ്ജ് യൂണിറ്റ്<br>ഗായക സംഘം<br>അൾത്താര സംഘം |
| 26-10-2011 | ശനി | 5.30 P.M | സെന്റ്. ജോൺ യൂണിറ്റ് -1<br>സെന്റ്. ജോൺ യൂണിറ്റ് -2 |
| 27-10-2011 | ഞായർ | 6.15 A.M | സെന്റ്. ആന്റണിസ് യൂണിറ്റ്-1<br>സെന്റ്. ആന്റണിസ് യൂണിറ്റ്-2 |
| 28-10-2011 | തിങ്കൾ | 5.30 P.M | വാ.മദർ തെരേസ യൂണിറ്റ്<br>സെന്റ്. സേവിയേഴ്സ് യൂണിറ്റ് |
| 29-10-2011 | ചൊവ്വ | 5.30 P.M | സെന്റ്. റോസ് യൂണിറ്റ്<br>ഫ്രാൻസിസ്ക്കൻ മൂന്നാം സഭ |
| 30-10-2011 | ബുധൻ | 5.30 P.M | സെന്റ്. അൽഫോൻസ യൂണിറ്റ്<br>ജീസസ് യൂത്ത്<br>വിൻസെന്റ് ഡി പോൾ സംഘം |
| 31-10-2011 | വ്യാഴം | 5.00 P.M | കുടുംബ സമ്മേളന കേന്ദ്രസമിതി |

## വി. കുർബ്ബാന, ജപമാല റാലി

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>ചൊവ്വൂർ | അരിമ്പൂര്<br>മോഴിപറമ്പിൽ | ജോസ്+സെലീന<br>ഫ്രാൻസിസ്+ഫിലോമിന | ആന്റു<br>റിയ | 18 - 08 - 2013 |
| മാപ്രാണം<br>പറപ്പൂക്കര | ചിറയത്ത് തെക്കൂടൻ<br>മൊയലൻ | ജോർജ്+ബേബി<br>ജോസ്+ഓമന | ജോബിൻ<br>സിൽജി | 22 - 08 - 2013 |
| പേരൂർക്കട<br>മാപ്രാണം | മാറോക്കി<br>പള്ളിത്തറ | വർഗ്ഗീസ്+ജോയ്സി<br>വർഗ്ഗീസ്+ത്രേസ്യ | അനീഷ് വർഗ്ഗീസ്<br>ദീപ | 25 - 08 - 2013 |
| മാപ്രാണം<br>നീറിക്കോട് | ചിറയത്ത് തെക്കൂടൻ<br>മാനാടൻ | ജോർജ്+ബേബി<br>ജോസഫ്+ലിൻസി | ജിബിൻ<br>മെറി | 28 - 08 - 2013 |
| പല്ലിശ്ശേരി<br>മാപ്രാണം | വട്ടക്കുഴി<br>പടയാട്ടിൽ | പൗലോസ്+മോളി<br>ജോയ്+മേരി | ജോവൽ<br>ജിഫി | 04 - 09 - 2013 |
| മാപ്രാണം<br>ഇരിങ്ങാലക്കുട | തരകൻ<br>വെള്ളാനിക്കാരൻ | സണ്ണി+ലിസി<br>ജോസ്+ജെസ്സി | സുനിൽ(ആന്റണി)<br>അനേഘമേരി | 08 - 09 - 2013 |

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | മച്ചിങ്ങൽ | വർഗ്ഗീസ് + ഗ്ലാഡി | ഗിഫ്റ്റോ (ആന്റണി) | 14 - 5 - 2013 | 18 - 8 - 2013 |
| മാപ്രാണം | പൊഴോലിപറമ്പിൽ | ജോഷി + ജിബി | ജോഷ്വാ ജീസ്<br>(ഇമ്മാനുവൽ) | 28 - 5 - 2012 | 24 - 8 - 2013 |
| താണിശ്ശേരി | കൂവ്വക്കാടൻ | ഡെയ്സൻ കെ. ഡേവിസ്<br>ജാനറ്റ് ദാസൻ | എനോഷ് ഡെയ്സൺ<br>(ഡേവിസ്) | 7 - 6 - 2012 | 18 - 9 - 2013 |
| മാപ്രാണം | എരഞ്ഞത്തുപറമ്പിൽ | ജെൻസൻ<br>ജെന്നിമേരി | ജേഡൽ ബെർഗ്<br>(ജെറാർഡ്) | 4 - 7 - 2013 | 7 - 9 - 2013 |

# മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| പഴേടത്തുപറമ്പിൽ പൗലോസ് ജെയ്ക്കബ് (യാക്കോബ്) | 10 - 9 - 2013 | സെന്റ്. സെബാസ്റ്റ്യൻ |
| തെക്കൂടൻ അന്തോണി റപ്പായി | 19 - 9 - 2013 | സെന്റ്. റോസ് |

# മതബോധനം അറിയിപ്പുകൾ

ഈ വർഷത്തിലെ മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി, രൂപതാ മതബോധന ആനിമെറ്റേഴ്സ് ടീമംഗങ്ങളുടെ സന്ദർശനം സെപ്തംബർ 22-ാം തിയ്യതി നടന്നു. ബഹു. പി.എഫ്. ആന്റണി മാസ്റ്റർ, റവ. സി. അജ്ഞന സി.എച്ച്.എഫ് എന്നിവരായിരുന്നു സന്ദർശനത്തിനായി എത്തിയിരുന്നത്. വി. കുർബ്ബാനയിലും, അസംബ്ലിയിലും പങ്കെടുക്കുകയും പിന്നീട് എല്ലാ ക്ലാസ്സുകളിലും സന്ദർശനം നടത്തുകയുമുണ്ടായി.

കുട്ടികളുടെ വി. കുർബ്ബാനയിലെ പങ്കാളിത്തം, ക്ലാസ്സടിസ്ഥാനത്തിലുള്ള വായനകൾ, വാർത്താ ബോർഡ് തയ്യാറാക്കൽ, അസംബ്ലിയിലെ പങ്കാളിത്തം, കുട്ടികളുടെ പഠനനിലവാരം, അച്ചടക്കം എന്നിവ അവർ വിലയിരുത്തി. എല്ലാം വളരെ നന്നായി പോകുന്നുണ്ടെന്ന് അഭിപ്രായപ്പെടുകയും ചില ചെറിയ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. കഴിയുമെങ്കിൽ എല്ലാ അധ്യാപകരും തങ്ങൾ പഠിപ്പിക്കുന്ന കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നത് വളരെ നന്നായിരിക്കുമെന്ന് അവർ അഭിപ്രായപ്പെട്ടു. കുട്ടികൾ ഒരിക്കലും വഴിതെറ്റിപോകാതിരിക്കാൻ സ്നേഹത്തിന്റെ വെളിച്ചവുമായി കുട്ടികളിലേക്ക് കടന്നുചെല്ലാൻ അധ്യാപകർക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

**മതബോധന അർദ്ധവാർഷിക പരീക്ഷ പുതുക്കിയ തിയ്യതി**
STD VIII - XII ഒക്ടോബർ 13 ഞായർ 2.00 p.m. to 4.00 p.m.
STD I - VII ഒക്ടോബർ 20 ഞായർ 2.00 p.m. to 4.00 p.m.

ഹെഡ്മാസ്റ്റർ

# 2013 മിഷൻ ഞായർ കാഴ്ച സമർപ്പണവും ഉല്പന്ന പിരിവ് ലേലവും യൂണിറ്റ് തലത്തിൽ

| തിയ്യതി | യൂണിറ്റുകൾ |
|---|---|
| 6/10/2013 | സെന്റ്.ആന്റണീസ്-1,സെന്റ്.ആന്റണീസ് -2 സെന്റ്. ജോസഫ് |
| 13/10/2013 | ഹോളി ക്രോസ്, സെന്റ്. സെബാസ്റ്റ്യൻ |
| 20/10/2013 | സെന്റ്. ഗീവർഗീസ്, സെന്റ്. ജോർജ്ജ് |
| 27/10/2013 | സെന്റ്.ജോൺ-1, സെന്റ്.ജോൺ-2 |
| 3/11/2013 | വാ.മദർ തെരേസ, സെന്റ്.സേവിയേഴ്സ് |
| 10/11/2013 | സെന്റ്. റോസ്, സെന്റ്. അൽഫോൻസ |
| 17/11/2013 | സെന്റ്. മേരീസ്-1, സെന്റ്.മേരീസ്-2 |

**മിഷൻ ഞായർ : 20/10/2013**

# നന്ദി.....

പ്രിയമുള്ളവരെ,

നമ്മുടെ തിരുനാൾ ആഘോഷങ്ങൾ ഭംഗിയായി സമാപിച്ചതിനെയോർത്ത് കുരിശുമുത്തപ്പനോട് നമുക്ക് നന്ദി പറയാം. തിരുനാൾ ദിവസങ്ങളിൽ അഭിവന്ദ്യപിതാക്കന്മാരുടെയും പുരോഹിത ശ്രേഷ്ഠരുടെയും കാർമ്മികത്വത്തിൽ നടന്ന തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ ഒട്ടേറെ തീർത്ഥാടകരും നമ്മുടെ പള്ളിയിലെത്തി. സന്തോഷവും സമാധാനവും നിറഞ്ഞ മനസ്സുമായാണ് എല്ലാവരും തിരിച്ചുപോയതും. തിരുനാൾ ഒരുക്ക ധ്യാനത്തിന് നേതൃത്വം നൽകിയ റവ. ഫാ. പോളി കണ്ണൂക്കാടൻ, തിരുനാൾ പതാക കൈമാറിയ മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ, തിരുനാൾ കൊടിയേറ്റം നിർവ്വഹിച്ച മാർ ബോസ്കോ പുത്തൂർ, 12-ാം തിയ്യതി രാവിലത്തെ തിരുക്കർമ്മങ്ങൾക്ക് കാർമികനായ മാർ ജെയിംസ് പഴയാറ്റിൽ, തിരി തെളിയിക്കൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ മാർ റാഫേൽ തട്ടിൽ, മറ്റു തിരുക്കർമ്മങ്ങളിൽ കാർമികരായ റവ. ഡോ. പോൾ പൂവ്വത്തിങ്കൽ, റവ. ഫാ. വിൽസൻ തറയിൽ, റവ. ഫാ. സിബു കള്ളാപറമ്പിൽ, റവ. ഡോ. ജോൺസൻ മാനാടൻ, റവ. ഫാ. ജോസഫ് മണ്ടകത്ത്, നവനാൾ കുർബ്ബാനയർപ്പിച്ച ബഹു. വൈദികർ, നവനാൾ നൊവേനയ്ക്ക് നേതൃത്വം നൽകിയ ബഹു. വൈദികർ, തിരുനാളിന്റെ ഒരാഴ്ച നമ്മുടെ പള്ളിയിൽ സേവനമനുഷ്ഠിച്ച റവ. ഫാ. ജോസഫ് തോട്ടപ്പിള്ളി തുടങ്ങി എല്ലാവർക്കും ആദരപൂർവ്വം നന്ദി പറയുന്നു. മുനിസിപ്പൽ ചെയർപേഴ്സൻ ശ്രീമതി ബെൻസി ഡേവിഡ്, ഡി.വൈ.എസ്.പി. ശ്രീ. ബിജു ഭാസ്കർ, ട്രസ്റ്റിമാരായ ജോസഫ് കാച്ചപ്പിള്ളി, സൈമൺ ചാക്കോര്യ, ബഹു. സിസ്റ്റേഴ്സ്, ഗായക സംഘം, അൾത്താര ബാലന്മാർ, പള്ളി ജീവനക്കാർ, വിവിധ കമ്മിറ്റി കൺവീനർമാർ, അംഗങ്ങൾ, തിരുക്കർമ്മങ്ങൾ ഏറ്റെടുത്തു നടത്തിയവർ, തുടങ്ങിയവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. തിരുനാളിന്റെ വിജയത്തിനായി അഹോരാത്രം അധ്വാനിച്ച നമ്മുടെ പ്രിയപ്പെട്ട വികാരി റവ. ഫാ. ജോസ് മാളിയേക്കലിനെ കുരിശുമുത്തപ്പൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച എല്ലാ ഇടവകാംഗങ്ങൾക്കും മറ്റു സുമനസ്സുകൾക്കും നന്ദി പറയുന്നു. എല്ലാവരുടേയും സ്നേഹത്തിനും സഹകരണത്തിനും കുരിശുമുത്തപ്പൻ പ്രതിഫലം നൽകട്ടെ എന്ന പ്രാർത്ഥനയോടെ,

**ജോസ് ചെങ്ങാലൂക്കാരൻ**
**ട്രസ്റ്റി & ജനറൽ കൺവീനർ.**

# ബൈബിൾ കലണ്ടർ : ഒക്ടോബർ - 2013

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | **1**<br>മര്‍ക്കോ 9:42 - 48<br>തിമോ 2:11 - 14 | **2**<br>മര്‍ക്കോ 8:31 - 38<br>2 തെസ 3:6 - 12 | **3**<br>മത്താ 8:1 - 4<br>ഫിലി 1:19 - 26 | **4**<br>ലൂക്കാ 11:5 - 13<br>റോമാ 3:1 - 8 | **5**<br>മത്താ 24:45 - 51<br>1 തെസ 5:23 - 28 |
| **6**<br>മത്താ 18:1 - 9<br>1 കൊറി 14:31 - 40<br>എസെ 33:1 - 14 | **7**<br>മര്‍ക്കോ 6:18 - 29<br>2തിമോ 2:3 - 12 | **8**<br>മത്താ 5:13 - 16<br>2 തിമോ 2:21 - 26 | **9**<br>യോഹ 4:27 - 38<br>2തിമോ 4:1 - 5 | **10**<br>യോഹ 5:39 - 47<br>2 യോഹ 1:4 - 11 | **11**<br>ലൂക്കാ 21:7 - 19<br>2 തിമോ 1:1 - 7 | **12**<br>ലൂക്കാ 10:17 - 21<br>2 തിമോ 1:8 - 14 |
| **13**<br>മത്താ 20:1 - 16<br>2 കൊറി 2:12 - 16 a<br>എസെ 40:12 - 17 | **14**<br>ലൂക്കാ 10:38 - 42<br>തിമോ 3:1 - 7 | **15**<br>ലൂക്കാ 11:14 - 23<br>ഹെബ്രാ 4:1 - 11 | **16**<br>യോഹ 10:1 - 15<br>1പത്രോ 4:12 - 19 | **17**<br>ലൂക്കാ 9:28 - 36<br>ഹെബ്രാ 10:1 - 10 | **18**<br>ലൂക്ക 10:1 - 9<br>കൊളോ 4:10 - 15 | **19**<br>യോഹ 4:46 - 54<br>ഫിലി 2:12 - 16 |
| **20**<br>ലൂക്കാ 8:40 - 56<br>ഗലാ 5:16 - 26<br>എസെ 41:1 - 7 | **21**<br>മത്താ 18:10 - 14<br>ഹെബ്രാ 10:19 - 25 | **22**<br>ലൂക്കാ 4:38 - 44<br>ഗലാ 6:11 - 18 | **23**<br>മത്താ 24:32 - 36<br>ഹെബ്രാ 11:11 - 22 | **24**<br>മത്താ 25:1 - 13<br>റോമാ 14:7 - 12 | **25**<br>മര്‍ക്കോ 10:13 - 16<br>റോമാ 8:26 - 30 | **26**<br>മത്താ 12:46 - 50<br>ഹെബ്രാ 12:1 - 11 |
| **27**<br>മത്താ 8:23 - 34<br>ഗലാ 6:12 - 18<br>എസെ 41:8 - 16 | **28**<br>യോഹ 15:18 - 25<br>എഫേ 6:10 - 17 | **29**<br>മത്താ 24:3 - 14<br>1 യോഹ 2:18 - 21 | **30**<br>യോഹ 11:1 - 16<br>1 തെസ 4:9 - 12 | **31**<br>മത്താ 25:14 - 30<br>1 കൊറി 15:35 - 41 | | |